(ബി) ഇപ്പോൾ കേരള ഗ്രന്ഥശാലാസംഘത്തിന് കൈമാറിയ ഈ ലൈബ്രറി കെട്ടിടത്തിന് വണ്ടൂർ പഞ്ചായത്ത് വീട്ടുനമ്പർ നൽകാത്തതുകൊണ്ട് വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നത് കണക്കിലെടുത്ത് നിയമത്തിൽ പ്രത്യേക ഇളവ് നൽകി ഈ ലൈബ്രറികെട്ടിടത്തിന് കെട്ടിടനമ്പർ നൽകാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-ൽ നിർമ്മിച്ച പ്രസ്തുത കെട്ടിടം 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 220 (ബി) വകുപ്പ് പാലിക്കാത്തതിനാലാണ് ഗ്രാമ പഞ്ചായത്തിൽനിന്ന് കെട്ടിടനമ്പർ അനുവദിക്കാത്തത്. മേഖലാ ഇളവിനായുള്ള അപേക്ഷ ലൈബ്രറി ഭാരവാഹികൾ സമർപ്പിക്കുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റാച്ച്യുമുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗം വീതികൂട്ടാൻ നടപടി

231 [3203] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം. ജി. റോഡിന്റെ സ്റ്റാച്ച്യുമുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗം വീതികൂട്ടുന്നതിന്റെ ഭാഗമായി ട്രിഡാ എന്തെല്ലാം നടപടികൾ പൂർത്തിയാക്കി;

(ബി) ട്രിഡയിൽനിന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളത്;

(സി) സ്റ്റാച്ച്യുമുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗത്തെ സ്വകാര്യഭൂമി, റോഡുവീതികൂട്ടുന്നതിനുവേണ്ടി അക്വയർ ചെയ്യുന്നതിനുള്ള നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നോട്ടിഫിക്കേഷനുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) റോഡ് വികസനത്തിനാവശ്യമായ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായ റവന്യൂ സർവ്വേയും ബന്ധപ്പെട്ട സ്കെച്ചും തയ്യാറാക്കുന്ന ജോലിയും ഏതാണ്ട് പൂർത്തിയായി. മാത്രമല്ല റോഡ് വികസനത്തിൽ ബാധിക്കുന്ന കെട്ടിടങ്ങളുടെയും മറ്റും വാല്യൂവേഷൻ തയ്യാറാക്കികഴിഞ്ഞു. സ്ഥലമെടുപ്പിന്റെ ഡി. ഡി. 2005

LIBRARY ARCHIVES Kerala Legislative Assembly

ആഗസ്റ്റുമാസം 15-നു മുൻപ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(ബി) സ്ഥലം റവന്യൂ വകുപ്പിൽനിന്നും ഏറ്റെടുത്തശേഷം, ഏറ്റെടുത്ത വസ്തുവിൽ അവശേഷിക്കുന്ന കെട്ടിടഭാഗങ്ങൾ പൊളിച്ചുനീക്കി സ്ഥലം പി. ഡബ്ല്യൂ. ഡി.ക്ക് കൈമാറുന്ന ജോലി മാത്രമേ ട്രിഡയിൽ അവശേഷിച്ചിട്ടുള്ളൂ.

(സി) പ്രസ്തുത റോഡിന്റെ വികസനത്തിനായി സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ 28-6-2004-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.†

മെഡിക്കൽ കോളേജുകളുടെ വികസനപ്രവർത്തനം

232 [3204] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
„ *ടി. കെ. ദേവകുമാർ:*
„ *കെ. രാധാകൃഷ്ണൻ:*
„ *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) അവ ഓരോന്നിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനം മെഡിക്കൽ കോളേജ് കോംപ്ലക്സിലേക്ക് മാറ്റുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്നും ഏതെല്ലാം വിഭാഗമാണ് വണ്ടാനം മെഡിക്കൽ കോളേജ് കോംപ്ലക്സിലേക്ക് മാറ്റിയിട്ടുള്ളത്;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനം മെഡിക്കൽ കോളേജിലേക്ക് മാറ്റിസ്ഥാപിക്കുമ്പോൾ പുതുതായി ആവശ്യം വരുന്ന തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) തൃശ്ശൂർ ടൗൺ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly